# ദൈവഹിതം തിരയുന്നവരാകുക

## സഭാപ്രസംഗി 7:29

**"ദൈവം മനുഷ്യനെ നേരുള്ളവനായി സൃഷ്ടിച്ചു, അവരോ അനേകം സൂത്രങ്ങളെ അന്വേഷിച്ചു വരുന്നു."**

ജ്ഞാനികളിൽ ജ്ഞാനിയായ ശലോമോൻ തന്റെ ജീവിതാനുഭവങ്ങളിലൂടെ കടന്നു പോയപ്പോൾ എഴുതിയ ഒരു വചനമാണ് നാം ഇവിടെ കണ്ടത്. അത് സത്യമാണെന്ന് ഇന്നത്തെ കാലഘട്ടവും തെളിയിച്ചുകൊണ്ടിരിക്കുന്നു. സ്നേഹവാനായ പിതാവാം ദൈവം, തനിക്കു സ്നേഹിക്കാനും, തന്നെ സ്നേഹിക്കാനും, തന്നോട് കൂട്ടായ്മയിൽ ജീവിക്കാനും വേണ്ടി സ്വന്തരൂപത്തിലും, ഭാവത്തിലും സൃഷ്ടിച്ചതായ മനുഷ്യൻ, സൃഷ്ടിയുടെ ആരംഭത്തിൽ തന്നെ ദൈവീക ഉദ്ദേശത്തിൽ നിന്ന് മാറിപ്പോയപ്പോൾ, തന്റെ ഏകജാതനായ പുത്രനെ കാൽവറിയിൽ യാഗമാക്കിക്കൊണ്ട്, നമ്മെ വീണ്ടെടുത്ത്, സ്വർഗ്ഗീയ കൂട്ടായ്മയിലേക്ക് കൊണ്ടുവന്നു എങ്കിലും, ഇന്നും മനുഷ്യൻ ആ സ്നേഹത്തെ വെടിഞ്ഞ് അനേകം സൂത്രങ്ങളെ തിരഞ്ഞു കൊണ്ടിരിക്കുന്നതായി നാം കാണുന്നു.

എന്തിനും ഏതിനും കുറുക്കുവഴികൾ കണ്ടുപിടിച്ചുകൊണ്ടിരിക്കുന്ന കാലഘട്ടത്തിൽ വിശ്വാസസമൂഹം പോലും നിത്യതയിലേക്ക് എത്തുവാനുള്ള എളുപ്പവഴികളെ അന്വേഷിക്കുന്നവരായി തീരുന്നുണ്ടോ എന്നു നാം ചിന്തിക്കേണ്ടിയിരിക്കുന്നു. എന്നാൽ വചനം പറയുന്നു ജീവങ്കലേക്ക് പോകുന്ന വാതിൽ ഇടുക്കവും വഴി ഞെരുക്കവുമുള്ളത്. അത് കണ്ടെത്തുന്നവർ ചുരുക്കമത്രേ. അതിനാൽ ഒരു യഥാർത്ഥ ദൈവപൈതലിന് തന്റെ പിതാവിന്റെ അടുത്തേക്ക് എത്തണമെങ്കിൽ ഇടുക്കവും ഞെരുക്കവുമുള്ള ഈ വാതിലിലൂടെ കടന്നു പോയേ മതിയാകുകയുള്ളൂ. അതിനു പകരമായി ഒരു കുറുക്കുവഴിയും ഇല്ല എന്നും ഈ വഴി കണ്ടെത്തുന്നവർ ചുരുക്കമാണെന്നും വചനം നമ്മെ ഓർമ്മപ്പെടുത്തുന്നു.

പ്രിയ ദൈവപൈതലെ, ഈ ചുരുക്കം പേരിൽ ഞാനും നിങ്ങളും ഉണ്ടോ എന്ന് നമുക്ക് ശോധന ചെയ്ത് നോക്കാം. നാശത്തിലേക്ക് പോകുന്ന വിശാലമായ വഴിയിലാണ് നാം എങ്കിൽ മടങ്ങി വരാം. യഥാർത്ഥമായ അനുതാപത്തോടെ തെറ്റായ വഴികളെ നിത്യമായി ഉപേക്ഷിച്ച് യേശുവിങ്കലേക്ക് മടങ്ങി വരുമെങ്കിൽ അവൻ നമ്മെ തന്നോട് ചേർക്കും എന്നത് സത്യമാണ്. ഇതല്ലാതെ മറ്റൊരു വഴിയും നിത്യതയിലെത്തുവാനായി വചനം നമുക്ക് കാണിച്ച് തരുന്നില്ല. പിതാവിന്റെ ഇഷ്ടം ചെയ്യുന്നവനാണ് സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുന്നത് എന്ന് വചനം നമ്മെ ഓർമ്മപ്പെടുത്തുമ്പോൾ മറ്റെല്ലാ കുറുക്കു വഴികളും വിട്ട്, നമുക്ക് പിതാവിന്റെ ഇഷ്ടം തേടാം. കർത്താവേ കർത്താവേ എന്നു വിളിച്ച് സ്വന്ത ഇഷ്ടപ്രകാരം

നടക്കുന്നവരാകാതെ, നമ്മെ സൃഷ്ടിച്ചവന്റെ ഉദ്ദേശ്യത്തിനായി നമ്മെ പൂർണ്ണമായി വിട്ടുകൊടുക്കാം. അതിനായി ദൈവത്തിന്റെ അതിപരിശുദ്ധറൂഹാ നമ്മെ സഹായിക്കുമാറാകട്ടെ.

പരാമർശം:

സഭാപ്രസംഗി 3:11

അവൻ സകലവും അതതിന്റെ സമയത്ത് ഭംഗിയായി ചെയ്ത് നിത്യതയും മനുഷ്യരുടെ ഹൃദയത്തിൽ വെച്ചിരിക്കുന്നു. എങ്കിലും ദൈവം ആദിയോടന്തം ചെയ്യുന്ന പ്രവൃത്തിയെ ഗ്രഹിപ്പാൻ അവർക്കു കഴിവില്ല.

സിസ്റ്റർ നീനു ബിനു ബേബി ആലപ്പുഴ 088